# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 9 01.12.2014 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് വർദ്ധിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വ്യക്തമാക്കുമോ; | (എ) ബഹു. സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാനടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിൻെറ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവനദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ |

അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തന്നെ വില്ലേജുതലത്തിലും, താലൂക്ക് തലത്തിലും, ജില്ലാതലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തയ്യാറാക്കുകയുണ്ടായി.

മുല്ലപ്പെരിയാർ മേഖലയിലെ ഒരു ഷെൽട്ടർ ഒരു മാതൃകാ റസ്ക്യൂ ഷെൽട്ടറായി വികസിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചുവരുന്നു. മേഖലയിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കാനും 24 മണിക്കൂറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കാനും കെ.എസ്.ഇ.ബി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അണക്കെട്ട് പ്രദേശത്ത് ഉള്ള ദുരന്ത സാഹചര്യങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാമൂഹിക സാങ്കേതിക സുരക്ഷാനിർദ്ദേശങ്ങൾ നൽകുന്നതിനും നടത്തുന്നതിനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF) യുടെ രണ്ടു ടീമുകളെ ഈ മേഖലയിലേക്ക് നിയോഗിക്കുകയും ഏതടിയന്തരഘട്ടം നേരിടുവാനും അവരെ സജ്ജരാക്കുകയും ചെയ്തു. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാര്യകാരണസഹിതം അറിയിച്ചിട്ടും മേൽനോട്ട സമിതിയിൽനിന്നോ, തമിഴ്നാട് സർക്കാരിൽ നിന്നോ അനുകൂല നിലപാടുകൾ ഉണ്ടാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. നിജസ്ഥിതികൾ അറിയിച്ചുകൊണ്ട് കേന്ദ്രജലകമ്മീഷൻ ചെയർമാനും കേന്ദ്രജലവിഭവ സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്. ജലനിരപ്പ് ക്രമീകരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവ

പരിഗണിക്കുന്നതിനായി 15.11.2014-ൽ കേരളം ബഹു.സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര - തമിഴ്നാട് സർക്കാരുകളുമായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്നു വിശദമാക്കാമോ; | (ബി) മുല്ലപ്പെരിയാർ വിഷയത്തിൽ കേരള നിയമസഭ 09.06.2014-ൽ ഉപക്ഷേപം പാസ്സാക്കിയ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ വിശദീകരിച്ചുകൊണ്ടും; പ്രശ്നപരിഹാരത്തിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും മേൽനോട്ട സമിതിയിലെ കേരള പ്രതിനിധി; മേൽനോട്ട സമിതി ചെയർമാനും തമിഴ്നാട് പ്രതിനിധിയ്ക്കും 31.10.2014, 14.11.2014, 16.11.2014, 18.11.2014 തീയ്യതികളിൽ കത്തുകൾ നൽകി. കേരളത്തിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് കേരളം മേൽനോട്ട സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നത്. ഡാമിലെ ജലനിരപ്പ് 139.50 അടിയിലേക്ക് ഉയർന്നപ്പോൾ കേരളത്തിന്റെ ആശങ്കകൾ അറിയിച്ചും ഇക്കാര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ടും ബഹു. മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയരാൻ ഇടയായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാര്യകാരണസഹിതം അറിയിച്ചിട്ടും മേൽനോട്ട സമിതിയിൽനിന്നോ, തമിഴ്നാട് സർക്കാരിൽ നിന്നോ അനുകൂല നിലപാടുകൾ ഉണ്ടാകാത്ത സാഹചര്യത്തിൽ; നിജസ്ഥിതികൾ അറിയിച്ചുകൊണ്ട് കേന്ദ്രജലകമ്മീഷൻ ചെയർമാനും കേന്ദ്രജലവിഭവ സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്. |

(സി) സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായ നിലപാടുകൾ തമിഴ്നാട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

(സി) സുപ്രീം കോടതിയുടെ 07.05.2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ഒരു മൂന്നംഗ മേൽനോട്ട സമിതിയെ നിയോഗിക്കാനും ബഹു. കോടതി ഉത്തരവായിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക ദൂരീകരിക്കുന്നതിനുകൂടിയാണ് മേൽനോട്ട സമീതിയെ നിയോഗിച്ചിട്ടുള്ളത്.

കേരളത്തിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ടും മേൽനോട്ട സമിതിയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും കാര്യകാരണ സഹിതം സംസ്ഥാന പ്രതിനിധിയും, കേരള സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി പ്രത്യേകമായും കത്തുകളും നിവേദനവും നൽകിയെങ്കിലും, കേരളത്തിന്റെ ആവശ്യങ്ങളൊന്നും യഥാസമയം പരിഗണിക്കപ്പെട്ടില്ല. ഡാമിലെ ജലനിരപ്പ് 139.50 അടിയിലേക്ക് ഉയർന്നപ്പോൾ കേരളത്തിന്റെ ആശങ്കകൾ അറിയിച്ചും ഇക്കാര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ചും തമിഴ്നാടിന് നൽകിയ കത്തുകളിൽ വിശദീകരിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ ആവശ്യങ്ങൾക്ക് ഒരു

പരിഗണനയും നൽകാതെ, സുപ്രീംകോടതിവിധിയുടെ മാത്രം അടിസ്ഥാനത്തിൽ ജലനിരപ്പ് 142 അടിയായി ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിച്ചു. ഇതുമൂലം കേരളത്തിലെ ജനങ്ങൾക്കും പ്രത്യേകിച്ച് പെരിയാർ തീരദേശവാസികൾക്കും കടുത്ത ആശങ്കയും മാനസിക പ്രയാസവും നേരിടുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വനസമ്പത്തിനും, വന്യജീവികൾക്കും, ജൈവവൈവിധ്യത്തിനും ഹാനി സംഭവിക്കുകയുമുണ്ടായി.

**സെക്ഷൻ ഓഫീസർ**